പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 313 18.03.2013 - ൽ മറുപടിയ്ക്ക്

# രാഷ്ട്രീയ കൊലപാതക കേസ്സുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി .പി. മുഹമ്മദ്<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, എം. എ. വാഹീദ്<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ രാഷ്ട്രീയ പ്രതി യോഗികളുടെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | (എ) സി.പി.ഐ.(എം) മുൻ ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. എം.എം. മണി 25.05.2012-ാം തീയതി തൊടുപുഴ പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട മണക്കാട് വച്ച് നടത്തിയ പ്രസംഗത്തിൽരാഷ്ട്രീയ പ്രതിയോഗികളെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തിയെന്നും മറ്റും പ്രസംഗിച്ചതിന് തൊടുപുഴ പോലീസ് സ്റ്റേഷൻ Cr. No. 1196/12 u/s. 302, 109, 118 IPC ആയി 28.05.2012 ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഏറ്റെടുത്തിട്ടുള്ളതും ഈ കേസിലെ കുറ്റവകുപ്പുകൾ 109 of 302, 118 of 302, 116, 117, 505(1)(b) IPC and 117(E) of Kerala Police Act 2011 ആക്കി മാറ്റിയിട്ടുള്ളതുമാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകൾ പുന:പരിശോധിക്കുകയും നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്; | (ബി) ഇതുമായി ബന്ധപ്പെട്ട് തൊടുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത Cr. No. 1196/12 ന് പുറമേ ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ |

| | | | |
|---|---|---|---|
| | വിശദാംശം നൽകുമോ; | | രജിസ്റ്റർ ചെയ്ത Cr. No. 118/12 (അഞ്ചേരി ബേബി വധം) രാജാക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത Cr. No. 2/83 (മുള്ളൻചിറ മത്തായിയെ കൊലപ്പെടുത്തിയത്) ശാന്തൻപാറ പോലീസ് സ്റ്റേഷൻ Cr. No. 2/83 (മുട്ടക്കാട് നാണപ്പൻ കൊലക്കേസ്) എന്നീ കേസുകളിൽ പുനരന്വേഷണം നടത്തി വരുന്നതും, പീരുമേട് പോലീസ് സ്റ്റേഷനിൽ Cr. No. 206/04 (ബാലു വധക്കേസ്) എന്ന കേസിന്റെ പുനരന്വേഷണത്തിനുള്ള അനുവാദ ത്തിനായി അപേക്ഷ ബഹു: കേരള ഹൈക്കോടതിയുടെ പരിഗണനയിലും ആണ്. |
| (സി) | ഇത്തരം കേസുകളിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ശ്രീ. എം.എം. മണി, ഒ.ടി. മദനൻ, കൈനകരി കുട്ടൻ എന്നിവരെ അറസ്റ്റു ചെയ്തു. മൂവരും ഇപ്പോൾ ജാമ്യത്തിലാണ്. |
| (ഡി) | കൊലപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പട്ടികയിൽ ഉൾപ്പെട്ട് ജീവിച്ചിരിക്കുന്ന ആരെയും അന്വേഷണത്തിൽ തിരിച്ചറിയാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ